## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1599 — 14.06.2013 - ൽ മറുപടിക്ക്

### ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് സ്പെഷ്യൽ സ്കൂൾ

**ചോദ്യം**

ശ്രീ. മോൻസ് ജോസഫ്

**ഉത്തരം**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

(എ) ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളെ പരിശീലിപ്പിക്കുന്നതിന് സർക്കാർ അംഗീകാരമുള്ള സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് പദവിയിലേക്കുയർത്താൻ നടപടി സ്വീകരിക്കുമോ;

(ബി) സ്പെഷ്യൽ സ്കൂൾ എന്ന ശീർഷകത്തിൽ അന്ധ-ബധിര-മൂക വിദ്യാലയങ്ങൾക്കൊപ്പം ബുദ്ധിവൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളുകളെക്കൂടി ഉൾപ്പെടുത്തുമോ;

(സി) പ്രസ്തുത സ്കൂളുകളോടനുബന്ധിച്ചുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ ഉൽപാദിപ്പിക്കുന്ന ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വിപണി സർക്കാർ തലത്തിൽ ലഭ്യമാക്കുമോ;

(ഡി) ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കു വേണ്ടിയുള്ള സംസ്ഥാന കലാ കായികമേളകളുടെ ചെലവ് സർക്കാർ വഹിക്കുമോ?

**(എ) (ബി) (സി) ആന്റ് (ഡി)**

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ ഡോ.എം.കെ. ജയരാജിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിരുന്നു. ഡോ.എം.കെ.ജയരാജ് ഇതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുക, പ്രസ്തുത സ്കൂളുകൾക്ക് അംഗീകൃത കരിക്കുലവും സിലബസും തയ്യാറാക്കുക, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകളിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുക തുടങ്ങി ഈ മേഖലയിലുള്ള എല്ലാ പ്രശ്നങ്ങൾ സംബന്ധിച്ചും ഡോ.എം.കെ.ജയരാജ് ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശകളിൽ സർക്കാർ നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.